# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 16 No. 5 | PUBLISHED FROM DELHI | PRICE Rs. 3/- | MAY 2012


## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ഏഴാം വർഷത്തിലേക്ക്




*ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ നാലാമത് ബിരുദദാന ചടങ്ങിന്റെ ഒരു ദൃശ്യം. (ഫയൽഫോട്ടോ)*

**അടൂർ:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ ആഭിമുഖ്യത്തിൽ അടൂരിൽ നടന്നുവരുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ പ്രവർത്തനം ഏഴാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. കോളജിന്റെ നാലാമത് ബിരുദദാന ചടങ്ങ് 2012 മാർച്ച് 3-ാം തീയതി അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ വച്ച് അനുഗ്രഹപ്രദമായി നടന്നു. അന്നേദിനം B.Th, D.Th, C.Th എന്നീ കോഴ്സുകളിൽ നിന്നും കേരളം, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽപ്പെട്ട 13 വിദ്യാർത്ഥികളാണ് ബിരുദധാരികളായത്. ഡോ. ആനി ജോർജ്ജ് (ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി, മണക്കാല) മുഖ്യ സന്ദേശം നൽകി. കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി ബിരുദദാനം നിർവ്വഹിച്ചു.

പുതിയ വർഷത്തേക്കുള്ള ഭരണ സമിതിയെ 2012 ഏപ്രിൽ 7-ാം തീയതി കോളജിൽ വച്ച് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടിയുടെ അദ്ധ്യക്ഷതയിൽ നടന്ന അദ്ധ്യാപകയോഗത്തിൽ തിരഞ്ഞെടുത്തു. പാസ്റ്റർമാരായ ബിജു ബെഞ്ചമിൻ (പ്രിൻസിപ്പൽ), ഷാജി സാമുവൽ (വൈസ് പ്രിൻസിപ്പൽ), ബോബി പി. ജോൺ (രജിസ്ട്രാർ), സുമേഷ് പി. ലാസർ (ട്രഷറാർ) മനോജ് തമ്പി (ഇവാഞ്ചലിസം സെക്രട്ടറി) എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടത്.

അടുത്ത അദ്ധ്യായന വർഷം 2012 ജൂൺ ആദ്യവാരം ആരംഭിക്കും. B.Th, D.Th, C.Th എന്നി കോഴ്സുകളിൽ പഠിക്കുവാൻ ആഗ്രഹിക്കുന്നവർ അപേക്ഷാ ഫോറത്തിന് 50 രൂപാ മണി ഓർഡർ സഹിതം അപേക്ഷിക്കുകയോ നേരിൽ ബന്ധപ്പെടുകയോ ചെയ്യുക. അപേക്ഷിക്കേണ്ട വിലാസം: *രജിസ്ട്രാർ, ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്, ശാന്തി നഗർ, പോലിസ് സ്റ്റേഷൻ റോഡ്, അടൂർ പി.ഒ., പത്തനംതിട്ട, കേരളാ-691523. ഫോൺ (ഓഫിസ്): 04734-225213. പാസ്റ്റർ ബോബി പി. ജോൺ: 9946971978, പാസ്റ്റർ ബിജു ബഞ്ചമിൻ: 9961813058.*

## ഏകദിന ക്രൈസ്തവ ശില്പശാല

റെജി സാമുവേൽ,
ചാരുംമൂട്

**അടൂർ:** എന്തെങ്കിലും എഴുതി പ്രസിദ്ധീകരിച്ചു കാണാൻ മിക്കവർക്കും ആഗ്രഹമുണ്ട്; എന്നാൽ, എങ്ങനെ എഴുതി ഫലിപ്പിക്കണമെന്നുള്ള ധാരണയില്ലാത്തതിനാൽ ആഗ്രഹം അടക്കുകയാണ് പതിവ്. എഴുതുവാൻ ആഗ്രഹിക്കുന്നവർക്ക് ചില പ്രാരംഭ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് വിശ്വാസി പബ്ലിക്കേഷൻസിന്റെ ആഭിമുഖ്യത്തിൽ ക്രൈസ്തവ പത്രപ്രവർത്തനത്തെ ആസ്പദമാക്കി ഏകദിന ശില്പശാല സംഘടിപ്പിച്ചത്. 2012 ഏപ്രിൽ 9ന് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ വച്ച് രാവിലെ 10.30 മുതൽ വൈകുന്നേരം 5.00 വരെ നടന്ന ശില്പശാല പങ്കെടുത്ത ഓരോ വ്യക്തിക്കും അനുഗ്രഹമായി.

ക്രൈസ്തവ വിശ്വസ ലോകത്തിൽ സത്യസന്ധവും മികവുറ്റതുമായ പത്രപ്രവർത്തനത്തിന്റെയും സാഹിത്യ രചനയുടെയും ആവശ്യകതയെപ്പറ്റി ഉത്ഘാടനപ്രസംഗത്തിൽ വിശ്വാസി മുഖ്യ പത്രാധിപർ പാസ്റ്റർ എം. സാമുവൽകുട്ടി വിശദമായി സംസാരിച്ചു. തുടർന്ന് പാസ്റ്റർ തോമസ് തോന്നയ്ക്കൽ

(ശേഷം രണ്ടാം പേജിൽ)




*ശില്പശാലയിൽ പാസ്റ്റർ തോമസ് തോന്നയ്ക്കൽ ക്ലാസ്സെടുക്കുന്നു. പാസ്റ്റർ എം. സാമുവൽകുട്ടി സമീപം*

## 40 ദിവസത്തെ ഉപവാസ പ്രാർത്ഥന

**അടൂർ:** ഫെയ്ത്ത് ഫെലോഷിപ്പ് നെല്ലിമുകൾ സഭയുടെ ആഭിമുഖ്യത്തിൽ നെല്ലിമുകളിൽ വെള്ളിശ്ശേരി തെക്കേതിൽ (പാലത്തുണ്ടിൽ) സഹോദരൻ ജോൺസന്റെ ഭവനാങ്കണത്തിൽ വച്ച് 40 ദിവസത്തെ ഉപവാസ പ്രാർത്ഥന നടക്കുന്നു. 2012 ഏപ്രിൽ മാസം 9-ാം തീയതി രാവിലെ 9.30ന് സഭാ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് ഉത്ഘാടനം ചെയ്തു. അടുത്ത 40 ദിനരാത്രങ്ങൾ പ്രാർത്ഥനയുടെയും, വചന ശുശ്രൂഷയുടെയും, വിടുതലിന്റെയും, ആരാധനയുടെയും, ആത്മീയ നിറവിന്റെയും ദിനങ്ങളായിരിക്കട്ടെ എന്ന് പാസ്റ്റർ എം. സാമുവൽകുട്ടി പ്രത്യാശ പ്രകടിപ്പിച്ചു.

ആത്മനിറവും വചന പരിജ്ഞാനവുമുള്ള നിരവധി ശുശ്രൂഷകന്മാർ സഭാ വ്യത്യാസമില്ലാതെ ഈ യോഗങ്ങളിൽ ശുശ്രൂഷിച്ചു വരുന്നു. മെയ് മാസം 17-ാം തീയതി അവസാനിക്കുന്ന ഈ ഉപവാസ പ്രാർത്ഥനയിൽ തുടർന്നും ദൈവത്തിന്റെ ആത്മമാരി പെയ്തിറങ്ങേണ്ടതിനായി, ദൈവജനം ആത്മശക്തിയും ദൈവിക വിടുതലും പ്രാപിക്കേണ്ടതിനായി വിശ്വാസി മിത്രങ്ങളുടെ പ്രാർത്ഥന അപേക്ഷിക്കുന്നു. സഭാ ശുശ്രൂഷകൻ പാസ്റ്റർ ഡി. ലാസർ യോഗങ്ങൾക്ക് നേതൃത്വം നൽകുന്നു. പ്രാർത്ഥന നടക്കുന്ന അഡ്രസ്: *ബ്രദർ ജോൺസൺ ഡാനിയേൽ, വെള്ളിശ്ശേരി തെക്കേതിൽ, നെല്ലിമുകൾ പി.ഒ., അടൂർ. ഫോൺ: 09744514886*

*ഉൾപ്പേജുകളിൽ....*


**അദ്ധ്വാനിക്കുന്നവരുടെ അത്താണി**: പാസ്റ്റർ എം. സാമുവൽകുട്ടി

**വിശ്വാസിയും ആത്മിക അന്ധതയും**: പാസ്റ്റർ ബിജു തങ്കച്ചൻ, മുംബൈ

**ദൈവം വസിക്കുന്ന മന്ദിരം**: പാസ്റ്റർ റ്റി.ഡി. സുധാകരൻ, ഡൽഹി

**ക്രിസ്തുവിന്റെ ചൂടടയാളം**: പാസ്റ്റർ ബിജു ബഞ്ചമിൻ


## രെഹബോത്ത് ഫെസ്റ്റിവൽ- 2012 നടന്നു

**ന്യൂഡൽഹി:** രെഹബോത്ത് ബൈബിൾ ചർച്ചിന്റെ വാർഷിക കൺവൻഷൻ 2012 ഏപ്രിൽ 28, 29 തീയതികളിൽ അസാദ്പൂർ മെട്രോ സ്റ്റേഷന് സമീപം ഗോപാൽ നഗറിലുള്ള ഇ.സി.ഐ. ചർച്ചിൽ വച്ച് അനുഗ്രഹപ്രദമായി നടത്തപ്പെട്ടു. 28-ാം തീയതി വൈകിട്ട് 6.30ന് പാസ്റ്റർ രമേഷ് മാധവന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥിച്ചാരംഭിച്ച യോഗം ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ഉത്ഘാടനം ചെയ്തു. ഹോശേയാ പ്രവാചകൻ യിസ്രായേൽ ജനത്തോട് തങ്ങളുടെ ദൈവത്തിങ്കലേക്കു മടങ്ങി വരുവാനുള്ള ആഹ്വാനം ഹോശെയാ 14:1 ഉദ്ധരിച്ചുകൊണ്ട് ജനത്തോട് ക്രിസ്തുവിലേക്ക് മടങ്ങിവരേണ്ടതിനുള്ള ആവശ്യകതയെപ്പറ്റി അദ്ദേഹം പ്രസ്താവിച്ചു. ദൈവത്തിങ്കലേക്ക് മടങ്ങിവന്നാൽ യിസ്രായേലിന്മേൽ തിന്മ കാണുകയില്ല; കഷ്ടത ദർശിക്കയില്ല; ദൈവം അവരോട് കൂടെയിരിക്കും; അവരുടെ മദ്ധ്യേ രാജകോലാഹലം ഉണ്ടായിരിക്കും; കാട്ടുപോത്തിന്റെ ബലം അവർക്കുണ്ടാകും; ആഭിചാരം അവർക്ക് ഫലിക്കയില്ല; ദൈവജനം ശക്തരായി എഴുന്നേൽക്കും എന്നും അദ്ദേഹം ഓർപ്പിച്ചു. ആകയാൽ ഈ കൺവൻഷൻ ദൈവജത്തിന്റെ മടങ്ങിവരവിന് കാരണമായി തീരട്ടെയെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

മുഖ്യ പ്രഭാഷകനായിരുന്ന റവ.ഡോ. തോമസ് എ. നൈറ്റ് (ഫൗണ്ടർ, ഇന്റർനാഷനൽ ബിബ്ലിക്കൽ ട്രെയിനിങ്ങ് സെന്റർ) ദൈവ സ്നേഹത്തിലും, ദൈവിക വെളിച്ചത്തിലും, ദൈവിക പരിജ്ഞാനത്തിലും നടക്കുവാൻ ജനത്തെ ആഹ്വാനം ചെയ്തു. എഫെ. 5:1 മുതലുള്ള വാക്യങ്ങളെ ആസ്പദമാക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം. 29-ാം തീയതി പാസ്റ്റർ ബെറ്റി മത്തായിയുടെ അദ്ധ്യക്ഷതയിൽ നടന്ന സമാപന യോഗത്തിലും റവ.ഡോ. തോമസ് എ. നൈറ്റ് ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർ രമേഷ് മാധവൻ സ്വാഗതവും സ്ഥലം സഭാ ശുശ്രൂഷകൻ രെഹബോത്ത് ബൈബിൾ ചർച്ച് പ്രസിഡന്റ് പാസ്റ്റർ ജോൺലി വേങ്ങയിൽ നന്ദിയും പ്രകാശിപ്പിച്ചു. ഗാനശുശ്രൂഷയ്ക്ക് പാസ്റ്റർ എസ്.പി.കെ. എബ്രഹാം നേതൃത്വം നൽകി.




*റവ.ഡോ. തോമസ് എ. നൈറ്റ് പ്രസംഗിക്കുന്നു. പരിഭാഷ: പാസ്റ്റർ ജോൺസൺ നോയിഡ. പാസ്റ്റർ എം. സാമുവൽകുട്ടി സമീപം*

*പത്രാധിപ ലേഖനം.......*

# അദ്ധ്വാനിക്കുന്നവരുടെ അത്താണി



ഒരു മെയ് ദിനത്തെ കൂടി വരവേൽക്കുവാൻ ഒരുങ്ങവേ തൊഴിലാളികളെ സംബന്ധിച്ച് അത്ര ശുഭോദർക്കമായ വാർത്തകളല്ല കേൾക്കുന്നത്. 1948ൽ ഏറ്റവും കുറഞ്ഞ വേതന നിയമനം (Minimum Wages Bill) പാസാക്കിയെങ്കിലും സംസ്ഥാന സർക്കാറുകൾ അത് നടപ്പാക്കിയില്ല. കഴിഞ്ഞ വർഷം ദേശിയ മനുഷ്യാവകാശ കമ്മീഷൻ ഇഷ്ടിക കളത്തിലെ തൊഴിലാളികളുടെ വേതനം 1999 മുതൽ കൂട്ടാത്തതിന് മായാവതി സർക്കാരിനെ കോടതി കയറ്റിയിരുന്നു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കഴിഞ്ഞ വർഷം വരുന്നതിനു മുമ്പേ, വേതനങ്ങൾ തമ്മിൽ താരതമ്യം ചെയ്യാൻ യാതൊരു വഴിയുമില്ലായിരുന്നു. ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഗ്രാമീണ സാമ്പത്തിക സ്ഥിതി ആകപ്പാടെ മാറ്റിമറിച്ചു. ഗ്രാമീണരുടെ സാമ്പത്തിക സ്ഥിതിയിലെ വർദ്ധനവ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വ്യവസായികൾക്ക് ഉപകാരപ്രദമായി.

എന്നാൽ, ചില പ്രത്യേക തൊഴിലുകളിൽ മാത്രം വേതനം കൂട്ടേണ്ടതുള്ളു എന്നാണ് MGNREGP (Mahathma Ganthi National Rural Employment Guarantee Programme) പറയുന്നത്. കുറഞ്ഞ വേതനം നടപ്പാക്കുന്നതിൽ ഈയിടെ MGNREGP വിഘ്നം സൃഷ്ടിച്ചു. കർണാടക ഹൈക്കോർട്ടിന്റെ വിധി സ്റ്റേ ചെയ്യുന്നത് സുപ്രിം കോടതി വിസമ്മതിച്ചതിൽ വരെ കാര്യങ്ങൾ എത്തിനിൽക്കുന്നു. MGNREGP തൊഴിലാളികൾക്ക് നൂറ് രൂപയ്ക്ക് പകരം കർണാടക സംസ്ഥാന സർക്കാർ കുറഞ്ഞ വേതനമായി നിശ്ചയിച്ച മുന്നൂറ് രൂപ കൊടുക്കാൻ കേന്ദ്ര സർക്കാർ തയ്യാറായില്ല. MGNREGPയ്ക്കാണ് തങ്ങൾ വേതനം കൊടുക്കുന്നത് എന്നതിനാൽ ഏറ്റവും കുറഞ്ഞ വേതനവുമായി അതിനെ ബന്ധപ്പെടുത്തുന്നത് സംസ്ഥാനങ്ങൾ ഏകപക്ഷീയമായി വേതനം കൂട്ടുന്നതിന് നിർബന്ധിതരാകും എന്നാണ് കേന്ദ്രത്തിന്റെ ന്യായം.

എന്തായാലും തൊഴിലാളികൾ ഉയർന്നുവരുവാൻ അധികാരികൾക്ക് തന്നെ താല്പര്യമില്ലാത്ത സ്ഥിതിയാണ്. ഇന്ന് ഇന്ത്യയിലെ പ്രശ്നങ്ങൾക്കുള്ള മൂലകാരണം സമ്പന്നർ ദരിദ്രരെ ചൂഷണം ചെയ്യുന്നതാണ്. അസമത്വത്തിന്റെയും സാമൂഹിക നീതിയുടെ അഭാവത്തിന്റെയും പശ്ചാത്തലത്തിൽ ദരിദ്രരായ ഗ്രാമീണരിൽ ചിലർ വഴിതെറ്റി ധ്വംസന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. അധികൃതരുമായി ഏറ്റുമുട്ടുന്നു. നിരപരാധികൾക്ക് വരെ ഇതിന്റെ തിക്താനുഭവങ്ങൾ നേരിടേണ്ടിവരുന്നു. നോക്കണേ, ചൂഷണത്തിന്റെ വിഷമവൃത്തം! ലോകത്തിലെ പല പ്രസ്ഥാനങ്ങളും ആവിർഭവിച്ചത് തൊഴിലാളികളെ ചൂഷകരിൽ നിന്നും മർദ്ദിതരിൽ നിന്നും രക്ഷിക്കാനാണ്. പിന്നീട്, ഇവർ തന്നെ ചൂഷിതരും മർദ്ധിതരും ആയിത്തീരുന്നു. കുറഞ്ഞ വേതനം, കൂടുതൽ ജോലി, വിശ്രമത്തിന്റെ അഭാവം. ഇതാണ് ഒരു തൊഴിലാളിയുടെ ശരാശരി അവസ്ഥ.

ജോലിസമയം എട്ട് മണിക്കൂറായി നിജപ്പെടുത്തുവാനുള്ള ആവശ്യമാണ് തൊഴിലാളി വർഗത്തിന്റെ അവധി ആഘോഷിക്കുക എന്ന ആശയത്തിൽ കലാശിച്ചത്. അങ്ങനെ 1856ൽ ഓസ്ട്രേലിയയിൽ സമ്മേളങ്ങളും വിനോദങ്ങളുമായി. ജോലി പൂർണ്ണമായി നിർത്തിവച്ച് പ്രകടനം നടത്തി. ഒരിക്കൽ മാത്രം ഇങ്ങനെ ചെയ്യാൻ ആണ് അവർ ഉദ്ദേശിച്ചതെങ്കിലും ആഘോഷത്തിന്റെ ആവേശം നൈര്യന്തരത്തിലേക്ക് അവരെ നയിച്ചു. ഓസ്ട്രേലിയക്കാരിൽ നിന്നുമാണ് ഈ തൊഴിലാളി ആഘോഷം ആദ്യമായി പകർത്തിയത്. സർവ്വലോക തൊഴിൽ സ്തംഭനം മെയ് 1ന് ആയിരിക്കണമെന്ന് അവർ 1886ൽ തീരുമാനിച്ചു. അന്ന് ഏകദേശം 200,600 തൊഴിലാളികൾ തങ്ങളുടെ പണിമുടക്കി എട്ടുമണിക്കൂർ തൊഴിൽ സമയം എന്ന ആവശ്യം മുന്നോട്ടു വച്ചു.

തൊവിലാളി പ്രസ്ഥാനങ്ങൾ ഏറെയുള്ള കേരളത്തിൽ താരതമ്യേന മെച്ചപ്പെട്ട വേതനമാണ് ലഭിക്കുന്നത്. ഈ ഉയർന്ന വേതനമാണ് അന്യസംസ്ഥാന തൊഴിലാളികളെ കേരളത്തിലേക്ക് ആകർഷിക്കുന്നത്. എന്നാൽ, കേരളത്തിൽ ഇവർ ചൂഷണം ചെയ്യപ്പെടുന്നുവോ എന്ന ചോദ്യം പലരും ഉന്നയിക്കുന്നുണ്ട്. വളരെ മോശപ്പെട്ട ജീവിത സാഹചര്യങ്ങളിലാണ് ഇവർ കഴിയുന്നത്.

ചുരുക്കി പറഞ്ഞാൽ, അദ്ധ്വാനവർഗത്തിന്റെ കഷ്ടതകൾ കണ്ട് മനസലിയാത്ത ലോകയജമാനന്മാർ ലാഭക്കൊതി വർദ്ധിച്ച് അവരെ ചൂഷണം ചെയ്യുമ്പോൾ ദൈവം അവരോട് മനസലിവ് കാണിക്കുന്നു. "എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു, കണ്ടു, അവരുടെ നിലവിളി ഞാൻ കേട്ടു, കേട്ടു" എന്നാണ് യിസ്രായേൽ മക്കളുടെ അടിമവേലയിൽ മനസലിഞ്ഞ് ദൈവം പറയുന്നത്. അദ്ധ്വാനിക്കുന്നവർ മുഴക്കുന്ന മുദ്രാവാക്യങ്ങൾ കേട്ടില്ലെന്ന് നടിക്കുന്ന മുതലാളിമാരുടേയും ഭരണകൂടങ്ങളുടേയും ഈ ലോകത്ത് അവരുടെ ദീനരോദനങ്ങൾ വനരോദനങ്ങളായി മാത്രം പരിണമിക്കുമ്പോൾ യേശുകർത്താവ് പറയുന്നു, "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്തായി 11:28-30).

യേശു ജനിച്ചത് ഒരു തച്ചന്റെ മകനായിട്ടായിരുന്നു. ബാല്യം മുതലേ ആ തൊഴിലിന്റെ കഠിനത യേശു കണ്ട് മനസ്സിലാക്കിയിരുന്നു. യോസേഫിന്റെ സഹായി ആയി യേശു പ്രവർത്തിച്ചു. (കത്തോലിക്ക സഭ തൊഴിലാളികളുടെ പുണ്യവാളനായി കാണുന്നത് യോസേഫ് പിതാവിനെയാണ്). യേശു ശിഷ്യരെ തെരഞ്ഞെടുത്തപ്പോൾ ആദ്യം മുക്കുവ തൊഴിലാളികളെയാണ് തേടി ചെന്നത്. അദ്ധ്വാനത്തിന്റെ വിഷമതയും മഹത്വവും യേശുവിന് നന്നായി അറിയാം. ഇത് മനസ്സിലാക്കിയാണ് പൌലൊസ് ശ്ലീഹ പറയുന്നത്. "ആകയാൽ, എന്റെ പ്രിയ സഹോദരന്മാരെ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്ന് അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നതും ആകുവിൻ" (1കൊരി. 15:58).

നാം പലർക്കുവേണ്ടിയും അദ്ധ്വാനിക്കുന്നുണ്ട്. പക്ഷേ, അവർ നമുക്കു തക്കതായ പ്രതിഫലം തരുമെന്ന് വരികില്ല. എന്നാൽ, കർത്താവ് നമുക്ക് പ്രതിഫലം തരികതന്നെ ചെയ്യും.

*-പാസ്റ്റർ എം. സാമുവൽകുട്ടി*

# ഫെയ്ത്ത് ഫെലോഷിപ്പ് സഭയ്ക്ക് കേരളത്തിൽ പുതിയ സാരഥികൾ

**അടൂർ:** 2012 ഏപ്രിൽ 4-ാം തീയതി സഭാപ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടിയുടെ അദ്ധ്യക്ഷതയിൽ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ വച്ച് നടത്തപ്പട്ട പ്രവർത്തക യോഗത്തിൽ കേരളത്തിലെ അടുത്ത രണ്ട് വർഷത്തേക്കുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

പാസ്റ്റർ ബിജു ബഞ്ചമിൻ (കോർഡിനേറ്റർ), പാസ്റ്റർ ഡി. ലാസർ (സെക്രട്ടറി), പാസ്റ്റർ സുമേഷ് പി. ലാസർ (ട്രഷറാർ), പാസ്റ്റർ മനോജ് തമ്പി (ഇവാഞ്ചലിസം സെക്രട്ടറി), പാസ്റ്റർ വി. എം. ഏബ്രഹാം (പ്രാർത്ഥനാ സെക്രട്ടറി) പാസ്റ്റർ ബോബി പി. ജോൺ (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു. ശക്തമായൊരു നേതൃത്വം കൊടുക്കുവാൻ പ്രിയപ്പെട്ടവരെ ദൈവം സഹായിക്കുവാൻ ദൈവമക്കൾ പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# ഉപവാസ പ്രാർത്ഥന നടന്നു

**ഐവർകാല:** ഫെയ്ത്ത് ഫെലോഷിപ്പ് ഐവർകാലാ സഭയുടെ ആഭിമുഖ്യത്തിൽ 7 ദിവസത്തെ ഉപവാസ പ്രാർത്ഥന 2012 ഏപ്രിൽ 16-ാം തീയതി മുതൽ 22 വരെ സഭാഹോളിൽ വച്ച് അനുഗ്രഹപ്രദമായി നടത്തപ്പെട്ടു. പാസ്റ്റർമാരായ ചാക്കോ വർഗ്ഗീസ്, എബി ജോർജ്ജ്, ജേക്കബ് കൊട്ടാരക്കര, സുമേഷ് പി. ലാസർ, വിനോദ് കെ., സാംകുട്ടി ചാക്കോ, റ്റി.പി. രാജു, ബിജു ബഞ്ചമിൻ തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ ദൈവവചനം ശുശ്രൂഷിച്ചു.

22-ാം തീയതി ഞായറാഴ്ച കർത്തൃമേശായോടെ ഉപവാസ പ്രാർത്ഥന പര്യവസാനിച്ചു. കേരളാ റീജൻ കോർഡിനേറ്റർ പാസ്റ്റർ ബിജു ബഞ്ചമിൻ കർത്തൃമേശാ ശുശ്രൂഷ നിർവ്വഹിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ മനോജ് തമ്പി യോഗങ്ങൾക്ക് നേതൃത്വം നൽകി. സഭാവ്യത്യാസമില്ലാതെ ദൈവമക്കൾ ഈ യോഗങ്ങളിൽ സംബന്ധിച്ചു.

## ഏകദിന ക്രൈസ്തവ ശില്പശാല

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

ക്രിസ്തീയ പത്രപ്രവർത്തനം വേദപുസ്തക ത്തെ അവലംബിച്ച് എങ്ങനെ മുന്നോട്ട് കൊണ്ടുപോകണമന്ന് പഠിപ്പിച്ചു. ഒരു ക്രിസ്തീയ പത്രപ്രവർത്തകനുവേണ്ട അടിസ്ഥാന യോഗ്യതകൾ എന്തെല്ലാം ആയിരിക്കണമെന്ന് അദ്ദേഹം സ്പഷ്ടമാക്കി. ക്രിസ്തീയ പത്രപ്രവർത്തകൻ ദർശനമുള്ളവനായിരിക്കണമെന്നും ക്രിസ്തുവിനോട് പ്രതിബദ്ധത ഉള്ളവനായിരിക്കണമെന്നും വിശാലമായ വായനശീലമുള്ളവനായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

നിരന്തരമായ വായന നല്ല ഭാഷയ്ക്കു ഉടമയാക്കും. കൂടാതെ രചന ആകർഷകമാകണമെങ്കിൽ നല്ല ഭാഷാശൈലി അനിവാര്യമാണ്. ഇതിനുപുറമേ ഒരു ക്രിസ്തീയ പത്രപ്രവർത്തകന് പൊതുവിജ്ഞാനം, ജാഗ്രത, ഉത്സാഹം, ഒടുങ്ങാത്ത ജിജ്ഞാസ, അന്വേഷണ തുറ, നല്ല പെരുമാറ്റം, ആത്മവിശാസം, എവിടെയും ആരോടും ചേർന്നുപോകുവാനുള്ള സമർപ്പണം തുടങ്ങിയ ഗുണവിശേഷങ്ങൾ ആവശ്യമാണ്. ഒരു പത്രപ്രവർത്തകന്റെ കണ്ണും കാതും എപ്പോഴും തുറന്നിരിക്കണം. എല്ലാത്തിലും ഉപരി പരിശുദ്ധാത്മാവിന്റെ നിറവ് ക്രിസ്തീയ എഴുത്തുകാരന് ഉണ്ടായിരിക്കണമെന്നും പാസ്റ്റർ തോമസ് തോന്നയ്ക്കൽ വ്യക്തമാക്കി. തുടർന്ന് എഡിറ്റോറിയൽ, കോളം, ഫീച്ചർ എന്നിവയെപ്പറ്റിയും അദ്ദേഹം ക്ലാസ്സെടുത്തു. പാസ്റ്റർ മനോജ് തമ്പി സ്വാഗതവും പാസ്റ്റർ സുമേഷ് പി. ലാസർ നന്ദിയും പറഞ്ഞു.

## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ,വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊളളുന്നു.

*-പത്രാധിപർ*

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും ആത്മിക അന്ധതയും



പാസ്റ്റർ ബിജു തങ്കച്ചൻ
മുംബൈ

മനുഷ്യശരീരത്തിലെ വളരെ പ്രധാനപ്പെട്ട അവയവമാണ് കണ്ണ്. ശരീരത്തെ മുഴുവൻ പ്രകാശമാനമാക്കി നിർത്തുവാനും, മുമ്പോട്ട് ശരിയായി നയിക്കുവാനും കഴിയുന്ന അവയവമാണ് കണ്ണെന്നും അത് ശരീരത്തിന്റെ വിളക്കാണെന്നും കർത്താവ് പറഞ്ഞ വാക്കുകൾ കണ്ണിന്റെ പ്രാധാന്യതയെ വ്യക്തമാക്കുന്ന വാതായനം പോലെ സ്ഥിതിചെയ്യുന്ന കണ്ണിലൂടെ വെളിച്ചം ശരീരത്തിൽ കടന്ന് പ്രകാശിക്കുന്നു എന്നാണ് എബ്രായരുടെ അഭിപ്രായം. സുനേത്രനായ ദാവീദും പ്രാവിൻ കണ്ണുപോലെ അഴകുള്ള കണ്ണുകൾക്ക് ഉടമയായ ശൂനേംകാരിത്തിയും എന്നും യുവതിയുവാക്കൾക്ക് ഒരു വെല്ലുവിളിയാണ്. എന്നാൽ, കണ്ണിൽ മഷി എഴുതി വ്യർത്ഥമായി സൗന്ദര്യം വരുത്തുവാൻ ആഗ്രിക്കുന്ന മഹിളകൾ യിരെമ്യാപ്രവാചകന്റെ കാലത്തേതുപോലെ ഇന്നും ഉണ്ട് (യിരെ. 4:30).

കാര്യങ്ങളെ വ്യക്തമായി കാണുവാനും തിരിച്ചറിഞ്ഞ് മുമ്പോട്ട് പോകുവാനും കണ്ണുകൾ മനുഷ്യനെ സഹായിക്കുന്നു. കാഴ്ച നഷ്ടപ്പെട്ടാലുണ്ടാകുന്ന ദുരനുഭവത്തെപ്പറ്റി ഓർക്കുന്നതുതന്നെ പ്രയാസം. ആ പരിതാപകരമായ അവസ്ഥ വർണ്ണിക്കാൻ സാധ്യമല്ല. കേൾക്കുന്ന ചെവി, കാണുന്ന കണ്ണ് ഇവ രണ്ടും യഹോവ ഉണ്ടാക്കി എന്നാണ് ശലോമോന്റെ അഭിപ്രായം (സദൃശ്യ. 20:12). എന്നാൽ, എതിർ ശക്തിയായ സാത്താൻ ദൈവത്തിന്റെ ഉത്തമ സൃഷ്ടിയെ വികൃതമാക്കുവാൻ ആദിമുതലേ ഭഗീരഥയജ്ഞം ചെയ്യുകയാണ് (2കൊരി. 4:4).

കണ്ണ് മനുഷ്യന് അത്യാവശ്യവും, കാഴ്ച അനിവാര്യവുമാണ്. അതുപോലെ തന്നെ ഒരു വിശ്വാസിക്ക് കാഴ്ചപ്പാട് പ്രധാനമാണ്. അകത്തെ മനുഷ്യന്റെ കണ്ണ് തുറക്കപ്പെടേണം. എഫെസൊസിലെ വിശുദ്ധന്മാരും സകല ആത്മിക അനുഗ്രഹത്താലും അനുഗ്രഹിക്കപ്പെട്ട് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ് പ്രാപിച്ച് പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെട്ട സഭാംഗങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിക്കേണ്ടതിന് പൌലൊസ് പ്രാർത്ഥിക്കുന്നു. ബാഹ്യ കാഴ്ച ഇല്ലാത്തവരെ തിരിച്ചറിയുന്നതുപോലെ ആത്മിക അന്ധന്മാരെയും അവരുടെ പ്രവർത്തനങ്ങളെയും നമുക്ക് തിരിച്ചറിയാം.

> **കണ്ണ് മനുഷ്യന് അത്യാവശ്യവും, കാഴ്ച അനിവാര്യവുമാണ്. അതുപോലെ തന്നെ ഒരു വിശ്വാസിക്ക് കാഴ്ചപ്പാട് പ്രധാനമാണ്. അകത്തെ മനുഷ്യന്റെ കണ്ണ് തുറക്കപ്പെടേണം**

**1. ലക്ഷ്യം ഇല്ലാത്തവർ**

ചെറുതും വലുതുമായ ലക്ഷ്യങ്ങളുടെ പൂർത്തീകരണമാണ് ജീവിതം. വ്യക്തമായ ലക്ഷ്യം ഇല്ലാത്ത ജീവിതം അർത്ഥശൂന്യമാണ്. കുരുടന്മാരെ പോലെ ചുവർ തപ്പി നടക്കുന്നവർ എന്ന് യെശയ്യാവ് പറഞ്ഞിരിക്കുന്നു (യെശ. 59:10). അന്ധത ബാധിച്ച ആബാലവൃദ്ധം സോദോം നിവാസികൾ ലോത്തിന്റെ വീടിന്റെ വാതിൽ തപ്പി നടന്നതുപോലെ (ഉല്പ. 19:11). യഥാർത്ഥ വാതിലാകുന്ന ക്രിസ്തുവിനെ അറിയാതെ പല വാതിലുകളും മുട്ടി നടന്ന് അവശരാകുന്ന ജനതയെ കാണുമ്പോൾ ഓർക്കുക അവർ ആത്മിക അന്ധന്മാരാണ്. ലഭിക്കുന്ന പ്രചോദനത്തിനനുസരിച്ച് മുമ്പോട്ട് പോകുന്ന മൃഗങ്ങളെപ്പോലെ അല്ല പ്രത്യുത വ്യക്തമായ ലക്ഷ്യത്തോടെ മുമ്പോട്ട് പോകുകയാണ് വേണ്ടത്. പൌലൊസ് നിശ്ചയത്തോടുകൂടിയാണ് ഓടിയത് (1കൊരി. 9:26). ജീവിതത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടില്ലാത്തവൻ ആത്മിക അന്ധനാണ്.

**2. ഒരു വശം മാത്രം കണ്ട് ഉപദേശം സ്ഥാപിക്കുന്നവർ**

അന്ധന്മാർ ആനയെ കണ്ടതുപോലെ ദൈവവചനത്തെ സ്വന്ത ഇഷ്ടപ്രകാരം വ്യാഖ്യാനിച്ച് ഉപദേശങ്ങൾ രൂപപ്പെടുത്തി പാവപ്പെട്ടവന്റെമേൽ അടിച്ചേൽപ്പിക്കുന്ന പരീശവർഗ്ഗത്തെ കുരുടന്മാരായ വഴികാട്ടികൾ എന്നാണ് കർത്താവ് വിളച്ചത് (മത്തായി 23:16) ഇന്നും പുതുമയുടെ പിന്നാലെ പരക്കം പായുന്ന പരിഷ്ക്കാരികളെ ആകർഷിക്കുവാനായി തിരുവെഴുത്തും ദൈവശക്തിയും മനസ്സിലാക്കാതെ വചനത്തെ വളച്ചൊടിച്ച് നവ ഉപദേശങ്ങൾ സൃഷ്ടിക്കുന്ന ആധുനിക അപ്പൊസ്തലന്മാർ ആത്മിക തിമിരം ബാധിച്ചവരാണ്.

**3. സഹോദരനെ സഹോദരനായി കാണുവാൻ കഴിയാത്തവൻ**

സഹോദരനെ പകയ്ക്കുന്നവനോ ഇരുട്ടിൽ ഇരിക്കുന്നു; അവന്റെ കണ്ണിൽ കുരുടാണ് (1യോഹ. 2:11). കൂട്ടുസഹോദരനെ സഹോദരനായി കാണണം. ബേത്ത് സയിദയിൽ വച്ച് കർത്താവ് ഒരു കുരുടനെ സൗഖ്യമാക്കി. ഒന്നാമത്തെ പ്രാവശ്യം കർത്താവ് അവന്റെ കണ്ണിൽ തുപ്പി കൈ വച്ച ശേഷം നീ വല്ലതും കാണുന്നുണ്ടോ എന്നു ചോദിച്ചപ്പോൾ അവൻ പറഞ്ഞത്, ഞാൻ മനുഷ്യരെ കാണുന്നു. അവർ നടക്കുന്നത് മരങ്ങളെപോലെ എന്നാണ്. കർത്താവ് വീണ്ടും അവനെ സ്പർശിച്ചപ്പോൾ അവൻ എല്ലാം സ്പഷ്ടമായി കണ്ടു. അഥവാ മനുഷ്യനെ മനുഷ്യനായി കണ്ടു. സഹോദരനെ മനുഷ്യനായി കാണാതെ മരംപോലെ കാണുകയും മരത്തോട് എന്നപോലെ ഇടപെടുകയും ചെയ്യുന്നവർ ആത്മിക അന്ധനാണ്. അവൻ കർത്താവിൽ നിന്ന് വീണ്ടും ഒരു സ്പർ ശനം പ്രാപിക്കേണ്ടിയിരിക്കുന്നു.

ആത്മിക അന്ധന്മാർ ദൈവസഭയ്ക്ക് ശാപമാണ്. അവർ ദൈവസഭയ്ക്ക് തെറ്റായ ദിശാബോധം നൽകുന്നവരാണ്. ദൈവ വേലയെക്കുറിച്ചും വിളിയെക്കുറിച്ചും വ്യക്തമായ ലക്ഷ്യം ഇല്ലാതെ പണത്തിനും പ്രശസ്തിയ്ക്കും വേണ്ടിയുള്ള പരക്കം പാച്ചിലിൽ വചനത്തെ സ്വന്ത ഇഷ്ടപ്രകാരം വ്യാഖ്യാനിച്ച് പുതിയ പ്രവണതകൾക്ക് രൂപം കൊടുക്കുന്നവരും കൂട്ടുസഹോദരങ്ങളെ സഹോദരങ്ങളായി കാണുവാൻ കാഴിയാതെ പാരമ്പര്യത്തിന്റെയും പണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പേരിൽ വേർതിരിവ് നടത്തുന്നവരും ആത്മിക അന്ധത ബാധിച്ചവരുമാണ്. അവരെ തിരിച്ചറിയണം.

ഒരു വിശ്വാസി വ്യക്തമായ ആത്മിക കാഴ്ചപ്പാടോടെ ജീവിക്കണം. ആത്മിക അന്ധന്മാർ തങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി, ദൈവത്തിൽ നിന്ന് ലേപം വാങ്ങി കണ്ണിൽ പുരട്ടി കാഴ്ച പ്രാപിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം (വെളി. 3:18). ഫെലിസ്ത്യർ ശിംശോന്റെ കണ്ണ് കുത്തിപ്പൊട്ടിച്ചതുപോലെ ശത്രു നമ്മുടെ ദർശനം നഷ്ടപ്പെടുത്താതിരിപ്പാൻ സൂക്ഷിക്കുകയും വ്യക്തമായ കാഴ്ചപ്പാടോടും ഉന്നതമായ ദർശനത്തോടും കൂടെ നമുക്ക് മുന്നേറാം. അഗ്നിജ്വാലയ്ക്കൊത്ത കണ്ണുകളുള്ള സഭാനാഥൻ വരാറായി. ■

# ദൈവം വസിക്കുന്ന മന്ദിരം

(നാലാം പേജിൽ നിന്ന് തുടർച്ച)

ആരുടെയും പ്രവൃത്തികൾ കാരണമല്ല ദൈവത്തിന്റെ കൃപയാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ (എഫെ. 2:8) ഓരോ ക്രിസ്തു വിശ്വാസിയും ദൈവത്തി ന്റെ മന്ദിരമാകുവാൻ ദൈവം ഭാഗ്യം നൽകി. ഈ മന്ദിരത്തിൽ ദൈവികമായ സമാധാനം ഉണ്ട്. അത് ലോകം തരുന്ന സമാധാനം അല്ല. ദൈവം തരുന്ന സമാധാനം ആണ് (യോഹ. 14:27). ഈ മന്ദിരത്തിന് പാപക്ഷമയുണ്ട്, മോ ക്ഷം ഉണ്ട്, അതിന് ദൂരങ്ങൾ താണ്ടി പോകേണ്ടതില്ല, അനവധി സമ്പത്ത് ചിലവാക്കേണ്ടതും ഇല്ല. വിശുദ്ധ വേദപുസ്തകം പറയുന്നു. നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1 യോഹ. 1:9). യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും (റോമർ 10:9). എത്ര ലളിതമായ മാർഗ്ഗമാണ് നാം ദൈവത്തിന്റെ മന്ദിരമാകുവാൻ ദൈവിക സമാധാനം ലഭിക്കുവാൻ, പാപക്ഷമ ലഭിക്കുവാൻ, ദൈവിക മോക്ഷം ലഭിക്കുവാൻ, ദൈവിക അനുഗ്രഹങ്ങളും കൃപകളും ലഭിക്കുവാൻ ദൈവം വച്ചിരിക്കുന്നത്. എന്നാൽ, ഇന്നും ഈ രക്ഷയെ മനസ്സിലാക്കാതെ ജനം അവിടെയും ഇവിടെയും അലയുന്നു. വെറുതെ ലഭിക്കുന്ന രക്ഷ വലിയ സമ്പത്ത് ചിലവിട്ട് സ്വന്തമാക്കുവാൻ ശ്രമിക്കുന്നു. അവസാനം ശാന്തിയും സമാധാനവും മുക്തിയും ലഭിക്കാതെ ഈ ലോകത്തിൽ നിന്നും മാറ്റപ്പെടുന്നു.

ഒരിക്കൽ ലോകത്തിന്റെ കാലഗതിയ്ക്കും ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളും ആയിരുന്ന ജനത്തെ ദൈവം തന്റെ മന്ദിരമാക്കിയെങ്കിൽ അതിന് ഒരു ഉദ്ദേശമുണ്ട്.

1. ഭക്തിയോടെ സത്യദൈവത്തെ ആരാധിക്കുവാൻ (സങ്കീ. 5:7).
2. തിരുനാമത്തിന് സ്തോത്രം ചെയ്യുവാൻ (സങ്കീ. 138:2).
3. ദൈവത്തിന്റെ ഉപദേശം പ്രാപിച്ച് അതിൽ നടക്കുവാൻ (1ശമു. 2:3).
4. പ്രാർത്ഥനയിൽ സന്തോഷിക്കുവാൻ, ധ്യാനിപ്പാൻ (സങ്കീ. 27:4).
5. ദൈവത്തിന്റെ മഹത്വം വസിക്കുവാൻ (സങ്കീ. 26:8).

ബൈബിൾ പറയുന്നു, ഈ ആലയത്തെ (മന്ദിരത്തെ) നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ. നിങ്ങളും അങ്ങനെ തന്നെ (1കൊരി. 3:16). ഓരോ ക്രിസ്ത്യാനിയും ദൈവത്തിന്റെ മന്ദിരമായി, സഭയായി ഒന്നിച്ചു പണിയപ്പെടുന്നു. എന്നാൽ, അംഗങ്ങളായ കല്ലുകളായ നാം ലൗകീകരും ആനാത്മീകരും ആയാൽ മന്ദിരം നശിക്കും. ഒരാൾക്ക് മറ്റൊരാളോടുള്ള അപവാദ പ്രവചരണംകൊണ്ടും, തെറ്റായ ഉപദേശംകൊണ്ടും, ഭിന്നതകൾകൊണ്ടും, പിണക്കങ്ങൾ കൊണ്ടും അത് നശിക്കപ്പെടാം. അതുകൊണ്ട് നാം ജാഗ്രതയോടെ ഇരിക്കാം. ■

**വരിസംഖ്യ**

**വരിസംഖ്യ നിരക്ക് ഒരു വർഷത്തേക്ക്**

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |

# സമാധാന യാത്ര നടത്തി

**ന്യൂഡൽഹി:** വൈറ്റ് ഫ്ളാഗ് ബിയറേഴ്സ് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ കേരളാഹൗസിന് മുൻവശം ജന്തർ മന്തർ റോഡിൽ മെഴുകുതിരി തെളിയിച്ച് സമാധാന യാത്ര നടത്തി. നക്സൽ ബാധിത പ്രദേശങ്ങളിൽ നടമാടുന്ന ധ്വംസനങ്ങൾക്ക് അറുതിവരുത്തുവാൻ ബന്ധപ്പെട്ടവർ ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചായിരുന്നു യാത്ര. ഛത്തിസ്ഗഢിലെ സുഖ്മാ ജില്ലാ കളക്ടർ അലക്സ്പോൾ മേനോനെ എത്രയും വേഗം മോചിപ്പിക്കുകയും ഹിംസയുടെ മാർഗ്ഗം വെടിയണമെന്നും യാത്ര മാവോയിസ്റ്റ് നേതാക്കളോട് ആവശ്യപ്പെട്ടു. ഭാരതത്തിലെ ഗ്രാമീണ പ്രദേശങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങളോട് അനുഭാവപൂർവ്വ സമീപനം പുലർത്തി അവയെ പരിഹരിക്കണമെന്ന് കേന്ദ്ര സർക്കാറിനോടും ബന്ധപ്പെട്ട സംസ്ഥാന സർക്കാറുകളോടും അഭ്യർത്ഥിച്ചു. സണ്ണി തോമസ്, ജേക്കബ് പുതുപ്പള്ളി, സാം തോമസ്, ജേക്കബ് സണ്ണി, ടൈറ്റസ് കെ.ജി. എന്നിവർ നേതൃത്വം നൽകി.




*വൈറ്റ് ഫ്ളാഗ് ബിയറേഴ്സ് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ നടന്ന സമാധാന യാത്രയിൽ തോമസ് ഡാനിയേൽ മാധ്യമങ്ങൾക്ക് വിശദീകരണം നൽകുന്നു. ജേക്കബ് പുതുപ്പള്ളി സമീപം*

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

# ദൈവം വസിക്കുന്ന മന്ദിരം



**പാസ്റ്റർ റ്റി.ഡി. സുധാകരൻ**
**ഡൽഹി**

ലോകത്തിൽ അനേകം മന്ദിരങ്ങൾ കാണുവാൻ കഴിയും. അനേക വർഷങ്ങൾകൊണ്ട് നിർമ്മിച്ചതും, തങ്കവും, രത്നവും, മുത്തുകളും, മാർബിൾ കല്ലുകളും കൊണ്ട് കൗശല ശിൽപ്പികളാൽ നിർമ്മിതമായ അത്ഭുത സ്തംഭങ്ങൾ. ഇവയിൽ എഫെസൊസിലെ അർത്തെമിസ് (ഡയാന) ദേവിയുടെ മന്ദിരം ലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നായ് വിളങ്ങുന്നു. വിവിധ മതങ്ങൾക്ക് അവരുടെ അനേക മന്ദിരങ്ങൾ ഉണ്ട്. ജനം പാപക്ഷമയ്ക്കും മോക്ഷത്തിനും ശാന്തിയ്ക്കും സമാധാനത്തിനും ഐശ്വര്യത്തിനും വേണ്ടി കഷ്ടതകൾ സഹിച്ചും ധാരാളം സമ്പത്ത് ചിലവഴിച്ചും അവിടേക്ക് ഒഴുകി എത്തുന്നു.

വിശുദ്ധ ബൈബിളിൽ അനേക മന്ദിരങ്ങൾ കാണുവാൻ കഴിയും. അതിൽ ഒന്നാമത്തേത് യിസ്രായേൽ മക്കളുടെ മരുഭൂമി യാത്രയിൽ ദൈവം അവരുടെ നടുവിൽ വസിക്കേണ്ടതിന് നിർമ്മിച്ച കൂടാരം (പുറ. 25:9; 39:32). ഈ കൂടാരം ഉണ്ടാക്കേണ്ടത് എങ്ങനെയെന്ന് ദൈവം മോശെയ്ക്ക് വ്യക്തമായ നിർദ്ദേശം നൽകിയത് മോശെ നാല്പത് രാവും നാല്പത് പകലും ഉപവസിച്ചുകൊണ്ട് സീനായ് മലയിൽ ആയിരുന്നപ്പോഴാണ്. ഇതിന് മൂന്നു ഭാഗങ്ങളുണ്ട്. (1) പ്രാകാരം, (2) വിശുദ്ധ സ്ഥലം, (3) അതിവിശുദ്ധ സ്ഥലം. അതിവിശുദ്ധ സ്ഥലത്ത് മഹാപുരോഹിതൻ മാത്രം ആണ്ടിൽ ഒരിക്കൽ ആടുകളുടെയും കാളകളുടെയും രക്തവുമായ് പ്രവേശിച്ച് തന്റെയും ജനത്തിന്റെയും പാപത്തിന്റെ പരിഹാരത്തിനായി യാഗം കഴിക്കും. സമാഗമന കൂടാരം യേശുക്രിസ്തുവിന് സദൃശ്യമാണ്.

രണ്ടാമത്തേത് ശലോമോന്റെ ദേവാലയം (യെരുശലേം ദേവാലയം) 2ദിന. 7:11; 1രാജാ. 6:1–38. ഇതു നീണ്ട ഏഴു വർഷങ്ങൾക്കൊണ്ടാണ് പണികഴിപ്പിച്ചത്. അതിന്റെ പണി അതിന് 60 മുഴം നീളവും 20 മുഴം വീതിയും 30 മുഴം ഉയരവും ഉണ്ടായിരുന്നു. എന്നാൽ, BC 721–ൽ ബാബിലോണിയ രാജാവായ നെബുഖദ്നേസരിനെ അയച്ച് ദൈവം അത് തകർത്തുകളഞ്ഞു (2ദിന. 36:19; 2രാജാ. 25:8–9). അതിന് 70

വിവിധ മതങ്ങൾക്ക് അവരുടെ അനേക മന്ദിരങ്ങൾ ഉണ്ട്. ജനം പാപക്ഷമയ്ക്കും മോക്ഷത്തിനും ശാന്തിയ്ക്കും സമാധാനത്തിനും ഐശ്വര്യത്തിനും വേണ്ടി കഷ്ടതകൾ സഹിച്ചും ധാരാളം സമ്പത്ത് ചിലവഴിച്ചും അവിടേക്ക് ഒഴുകി എത്തുന്നു

വർഷത്തിന് ശേഷം സെരുബ്ബാബേൽ പുതുക്കിപ്പണിത സെരുബ്ബാബേലിന്റെ മന്ദിരം (എസ്രാ 4:1; ഹഗ്ഗായി 2:3). നാലാമത്തെ മന്ദിരം ഹെരോദാവ് പണിതതായ യെരുശലേം ദേവാലയമാണ്. ഈ ദേവാലയം ഹെരോദാവ് BC 20–ൽ ഇതിന്റെ പണിയാരംഭിച്ചു. ഇത് നാല്പത് വർഷം കൊണ്ടാണ് പണികഴിപ്പിച്ചത് (യോഹ. 2:20). AD 70–ൽ ഈ ദേവാലയം റോമൻ പട്ടാളം ചുട്ടു നശിപ്പിച്ചു. ഈ ദേവാലയത്തിൽ യേശു സന്ദർശിക്കുകയും ആലയത്തിലെ വില്പനക്കാരെയും പൊൻവാണിഭക്കാരെയും പുറത്താക്കുകയും ആലയത്തെ ശുദ്ധീകരിക്കുകയും ചെയ്തു (യോഹ. 2:13–20).

എന്നാൽ, ദൈവം മനുഷ്യനിർമ്മിതമായ ആലയങ്ങളിൽ ഒന്നിലും വസിക്കുന്നില്ല എന്ന് ബൈബിൾ പഠിപ്പിക്കുന്നു (അപ്പൊ. പ്ര. 7:48). കാരണം ഒരു ചെറിയ ദേവാലയത്തിൽ ഒതുക്കുവാൻ കഴിയുന്നവൻ അല്ല ദൈവം. ദൈവവചനം പറയുന്നു, സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു; നിങ്ങൾ എനിക്കു പണിയുന്ന ആലയം ഏതുവിധം? എന്റെ വിശ്രാമസ്ഥലം ഏത്? (യെശ. 66:1).

സത്യദൈവത്തിന്റെ ആലയം ഒരു കെട്ടിടമല്ല. അത് ജനങ്ങൾ ആണ്. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ ദൈവ ജനമാണ് (വിശ്വാസികൾ) ദൈവത്തിന്റെ ആത്മീയ മന്ദിരം. ഈ ആലയത്തിലാണ് ദൈവം വസിക്കുന്നത്. നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ (1കൊരി. 3:16).

ഒരു സമയത്ത് പാപങ്ങളാലും അതിക്രമങ്ങളാലും മരിച്ചവരായിരുന്ന മാനവജാതിയെ (എഫെ. 2:1) കർത്താവായ യേശുക്രിസ്തുവിന്റെ സ്വന്ത രക്തംകൊണ്ട് വിലയ്ക്കു വാങ്ങി (1പത്രൊ. 1:18; 1കൊരി. 6:19). അ തിൽ ദൈവത്തിന് വസിക്കുവാൻ പ്രസാദം തോന്നി. ആരും പ്രശംസിക്കാതിരിക്കുവാൻ

(ശേഷം മൂന്നാം പേജിൽ)

**ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം**

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി (സായാഹ്ന കോഴ്സ്) | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സുവിശേഷതകൾ

ആത്മീയ അന്തരീക്ഷം
സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

*റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.*

അടുത്ത ബാച്ച് 2012 ജൂൺ ആദ്യവാരം ആരംഭിക്കുന്നു. പ്രോസ്പക്ടസിനും അപേക്ഷാഫോറത്തിനും കോളജുമായി ബന്ധപ്പെടുക.

**Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com**

വേദവിചാരം

# ക്രിസ്തുവിന്റെ ചൂടടയാളം



**പാസ്റ്റർ ബിജു ബഞ്ചമിൻ**

യഹൂദാ മത ചിന്തകൾക്ക് വിരോധമായി ഉയർന്നു വന്ന ക്രിസ്തുവിന്റെ മാർഗ്ഗത്തെ ന്യായപ്രമാണവിരുദ്ധവും ദൈവദൂഷണപരവുമായിക്കണ്ട് അതിന്റെ അവസാനം കുറിക്കുവാൻ ഇറങ്ങിത്തിരിച്ച ശൗൽ എന്ന പൌലൊസ് ക്രിസ്തുവിന്റെ സ്പർശനത്താൽ സുവിശേഷത്തിന്റെ പടവാളേന്തിയ ധീര പോരാളിയായി മാറി ക്രിസ്തുമാർഗ്ഗത്തിന്റെ കാവൽ ഭടനായിത്തീർന്നു. ദമസ്കൊസിന്റെ പടിവാതിൽക്കലെ ദർശനത്തിൽ നിന്നാരംഭിച്ച യേശുവുമായുള്ള ബന്ധം ജീവിതത്തിന്റെ അവസാനം വരെ പൌലൊസ് കാത്ത് സൂക്ഷിച്ചു. സകല ക്രൈസ്തവർക്കും മാതൃകയായി സുവിശേഷ വേലയിലും, ഉപദേശത്തിലും, ശാസനയിലും, ദൈവിക സത്യങ്ങളുടെ വരമൊഴിയായ വേദശാസ്ത്ര ചിന്തകളെ പൌലൊസ് നമുക്ക് പകർന്നു തന്നു. പൌലൊസിന്റെ ലേഖനങ്ങളിൽ നിന്നും ദൈവാസ്തിത്വം, ക്രിസ്തു വിജ്ഞാനീയം, ഭാവികാല വിജ്ഞാനീയം, സഭാ വിജ്ഞാനീയം തുടങ്ങിയ ഒട്ടനവധി ദൈവശാസ്ത്ര പഠനങ്ങളുടെ രൂപരേഖകൾ വേദപണ്ഡിതന്മാർ കടഞ്ഞെടുക്കുമ്പോഴും, അനേകർക്കും കടന്നുചെല്ലുവാൻ കഴിയാത്ത പ്രായോഗിക സുവിശേഷീകരണത്തിന്റെയും സാകല്യേന മനോഭാവത്തിന്റെയും അഗ്നി നക്ഷത്രമായി ഇന്നും പൌലൊസിന്റെ ജീവിതമാതൃക നമുക്കു മുമ്പിൽ തെളിഞ്ഞ് നിൽക്കുന്നു.

ഗലാതൃലേഖനത്തിന്റെ ഉപസംഹാര വാക്കുകളിൽ പൌലൊസ് പറയുന്നത് “ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു.” (ഗലാതൃർ 6:17). കേവലം വാക്കുകളിൽ മാത്രമല്ല പ്രവൃത്തികളിലും ഈ സത്യം സാധൂകരിച്ച പൌലൊസിന്റെ വാക്കുകൾ ആത്മീക ബോധനത്തിലും ചിട്ടയിലും വളരുവാൻ നമ്മെ സഹായിക്കുന്ന മൊഴി മുത്തുകളാണ്. യേശുവിന്റെ ചൂടടയാളം ശരീരത്തിൽ വഹിച്ച പൌലൊസ് അനുവർത്തിച്ച മാതൃകകൾ ഗലാതൃലേഖനത്തിലെ തെളിഞ്ഞ് കത്തുന്ന നക്ഷത്രങ്ങളാണ്. അവയിൽ ചിലത് മാത്രം ചുവടെ ചേർക്കുന്നു.

**സുവിശേഷ ഘോഷണത്തിലൂടെ ദൈവത്തെ പ്രസാദിപ്പിച്ച പൌലൊസ്:** സുവിശേഷീകരണം ദൈവം ഏൽപ്പിച്ച ദൗത്യമാണ്. ദൈവിക ശുശ്രൂഷ ദൈവവിളിയാണ്. ഇവ രണ്ടും തിരുവചനത്തിന്റെ അടിസ്ഥാനത്തിലും സുവശേഷത്തിന്റെ സത്യത്തിന് അനുരൂപമായും നിവർത്തിക്കേണ്ടതാണ്. പൌലൊസ് അതിൽ അണു ഇട വ്യതിചലിച്ചില്ല. സുവിശേഷത്തിന്റെ സന്ദേശം മനുഷ്യനെ പ്രസാദിപ്പിക്കുന്നതല്ല. മനുഷ്യ മനസ്സുകളിൽ പാപബോധം വരുത്തി പാവനതയിലേക്ക് കരം പിടിച്ച് നടത്തുന്ന സന്ദേശമാണത്. പാപത്തിന്റെ ശാപാവസ്ഥ വിവരിച്ചു പറഞ്ഞ് യേശുവിലൂടെയുള്ള രക്ഷയിലേക്ക് ആളുകളെ ക്ഷണിക്കുന്നതാണ് സുവിശേഷം. പണ്ഡിതനെന്നോ പാമരനെന്നോ, ധനികനെന്നോ ദരിദ്രനെന്നോ വ്യത്യാസം ഇല്ലാതെ എല്ലാവരോടും ഒരു പോലെ അറിയിക്കുവാനുള്ളതാണ് സുവിശേഷത്തിന്റെ സത്യം. അതിൽ കലർപ്പ് ചേർക്കുന്നവർ ദൈവത്തെയല്ല മനുഷ്യരെയാണ് പ്രസാദിപ്പിക്കുന്നത്. പത്രൊസിന്റെ ആദ്യത്തെ സുവിശേഷ പ്രസംഗത്തിൽ ഹൃദയത്തിൽ കുത്തുകൊണ്ട മൂവായിരം പേർ യേശുവിൽ വിശ്വസിച്ചു. അപ്പൊസ്തലന്മാർ ഈ സത്യ വചനം കലർപ്പില്ലാതെ വിളിച്ചു പറഞ്ഞു. കാലത്തിന്റെ കുത്തൊഴുക്കിൽ പക്ഷേ സുവിശേഷ വചനങ്ങളും വളച്ചൊടിക്കപ്പെട്ടു. സ്വാർത്ഥ ലാഭങ്ങൾക്കും താൽപ്പര്യങ്ങൾക്കും വേണ്ടി വചനം അടിസ്ഥാനപരമായ നേർവരയിൽ നിന്ന് വ്യതിചലിച്ച് വ്യാഖ്യാനിക്കപ്പെടുന്നു. സുവിശേഷ പ്രസംഗങ്ങളിൽ നിന്നും രക്ഷ, വിശുദ്ധി, വേർപാട്, ക്രൂശ്, കഷ്ടത, സഹനം, നിത്യത എന്നിവ അന്യം വന്നിരിക്കുന്നു. അനുഗ്രഹം, സമൃദ്ധി ശാപവിമുക്തി എന്നിവ സുവിശേഷ സന്ദേശങ്ങളിൽ തള്ളിക്കയറുന്നു. ഇങ്ങനെ ചെയ്യുന്നവർ ദൈവത്തെയല്ല മനുഷ്യരെയത്രേ പ്രസാദിപ്പിക്കുന്നത്. യേശുവിന്റെ ചൂടടയാളം ശരീരത്തിൽ വഹിച്ച പൌലൊസ് ഇതിന് വിപരീതമായിരുന്നു. ഈ തലമുറയിലെ സുവിശേഷീകരണത്തിൽ നാം ദൈവത്തെ പ്രസാദിക്കുന്നവരോ മനുഷ്യരെ സന്തോഷിപ്പിക്കുന്നവരോ?

**ആത്മാക്കളെക്കുറിച്ച് എരിവുള്ള പൌലൊസ്:** പൌലൊസിന്റെ ജീവിതത്തിലും ശുശ്രൂഷയിലും തെളിഞ്ഞ് നിന്ന ഒരു പ്രധാന ഘടകമാണ് ആത്മാക്കളെക്കുറിച്ചുള്ള എരിവ്. തനിക്ക് ചുറ്റുമുള്ളവർ യേശുവിനെ കണ്ടെത്തുവാനും യേശുവിനെ കണ്ടെത്തിയവർ ക്രിസ്തുവിൽ വളരുവാനും പക്വത പ്രാപിക്കുവാനും പൌലൊസ് അതിയായി ആഗ്രഹിച്ചു. “ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം ഞാൻ പ്രസവവേദനപ്പെടുന്നു” എന്ന് താൻ പറയുന്നു. “കുഞ്ഞുങ്ങളെ” എന്ന് വാത്സല്യത്തോടെ അവരെ അഭിസംബോധന ചെയ്യുന്നു. നൊന്തു പ്രസവിക്കുന്ന അമ്മയുടെ സ്നേഹവും പിതൃതുല്ല്യമായ വാത്സല്യവും, കരുതലും പൌലൊസ് തന്റെ പ്രിയപ്പെട്ടവർക്ക് പകർന്നു നൽകുന്നു. നമുക്കേവർക്കും അനുകരണീയമായ ഒരു മാതൃകയാണത്. ഉള്ളത് വർദ്ധിപ്പിക്കുവാനും സാമ്രാജ്യങ്ങൾ പടുത്തുയർത്തുവാനും നാം കിണഞ്ഞ് പരിശ്രമിക്കുമ്പോൾ അതിന്റെ മദ്ധ്യത്തിൽ ആത്മാക്കളെക്കുറിച്ചുള്ള എരിവ് നമുക്ക് നഷ്ടപ്പെടുന്നില്ലേ? നാം അറിഞ്ഞ രക്ഷയുടെ സന്തോഷം അത് ഇനിയും പ്രാപിക്കാത്ത അനേകരോട് പങ്ക് വയ്ക്കുവാൻ നമുക്ക് കർത്തവ്യമില്ലേ? യേശുവിന്റെ ജീവിതത്തിൽ ഈ എരിവ് നിറഞ്ഞ് നിന്നു. ആത്മാക്കളെ തേടി യേശു സഞ്ചരിച്ചു. അവരുടെ കുടിലുകളിലും കൊട്ടാരങ്ങളിലും ജോലിസ്ഥലത്തും ആരാധനാലയങ്ങളിലും ആതുരാലയങ്ങളിലും യേശുവിന്റെ സാന്നിധ്യമുണ്ടായിരുന്നു. മരണവീട്ടിലും വിവാഹവീട്ടിലും അവൻ കടന്നു ചെന്നു. യേശുവിന്റെ മാതൃക പൌലൊസ് അതുപോലെ പകർത്തി. അവൻ ശരീരത്തിൽ പേറിയ ചൂടടയാളം ആത്മാക്കളെക്കുറിച്ചുള്ള ഗൗരവമായ ബോധം അവനിൽ ഉണർത്തി. നമ്മിൽ പതിയപ്പെട്ട ക്രിസ്തുവിന്റെ ചൂടടയാളം ആത്മാക്കളെക്കുറിച്ചുള്ള എരിവ് അധികമായി നമ്മിൽ പകരട്ടെ.

**ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ട പൌലൊസ്:** ആത്മിക ചിന്തകൾക്ക് വിരോധമായി ഉയരുന്ന ജഡത്തിന്റെ ചിന്തകളെ ദൈവമക്കൾ ജയിക്കണം എന്ന് പറയുന്നു. ഇത് യേശുവിനോടൊപ്പം നമ്മുടെ ജഡമോഹങ്ങളെ ക്രൂശിക്കുന്നതിലൂടെ മാത്രമേ സാദ്ധ്യമാകൂ. അതിനായ് ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ പങ്കാളികളാകുവാൻ പൌലൊസ് നിർദ്ദേശിക്കുന്നു. ജഡത്തിന്റെ പ്രവൃത്തികളെ ഉപേക്ഷിച്ച് ആത്മാവിന്റെ ഫലങ്ങളെ പ്രാപിച്ച് മുന്നേറുവാനും പൌലൊസ് ആഹ്വാനം നൽകുന്നു. വിശുദ്ധിയിലും വേർപെട്ട ജീവിതത്തിലും ശ്രദ്ധയൂന്നി ഈ ലോകത്തിൽ യേശുവിന്റെ ഉത്തമ സാക്ഷികളാകുവാൻ പൌലൊസ് പഠിപ്പിക്കുന്നു.

ക്രിസ്തുവിന്റെ ചൂടടയാളം വഹിക്കുന്നത് ഈ ലോകത്തിൽ നമുക്ക് ഒരു വെല്ലുവിളിയാണ്. അങ്ങനെയുള്ളവരെ ലോകം നിഷേധിക്കുന്നു, തള്ളിക്കളയുന്നു. ജീവിതത്തിൽ അവയെല്ലാം ഏറ്റു വാങ്ങിയ വ്യക്തിയാണ് പൌലൊസ്. കഷ്ടതയുടെ നടുവിലും ദൈവജനത്തെ ആശ്വസിപ്പിക്കുന്ന പൌലൊസിന്റെ വാക്കുകൾ അമൂല്ല്യങ്ങളാണ്. ഇഹ ലോക ജീവിതത്തിൽ അത് നമുക്ക് പ്രശ്നങ്ങളും സമ്മർദ്ദങ്ങളും പ്രധാനം ചെയ്തേക്കാം. എന്നാൽ, അതിന്റെ ഫലമോ നിത്യതയിലുള്ള സന്തോഷവും പ്രതിഫലവുമാണ്.

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*